# Dyuthi
## 2K24

## ST. JOSEPH'S GHSS, CHANGANACHERRY









**A digital school magazine**

# NARRATIVE ARCHITECTS IN THE MAKING OF "DYUTHI"

ARYA.K.R

IRFANA SHAMEER

HANAN BIJU

GALEENA.M.MARTIN

VAIGA RAJESH

JESLIN ANN MATHEW

AMINA HANEESH

# ആശംസകളോടെ .....

ലിറ്റിൽ കൈറ്റ്സ് ഐ .ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ അവരുടെ പരിശീലനപ്രവർത്തനങ്ങളുടെ ഭാഗമായി 'ദ്യുതി 2k24'എന്ന പേരിൽ തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിൻ ആധുനിക സാങ്കേതികവിദ്യകൾ കുട്ടികൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കുന്നു എന്നതിന്റെ മകുടോദാഹരണമാണ് . ഈ ഡിജിറ്റൽ മാഗസീനിലൂടെ കുട്ടികൾ അറിയാതെ അവരിൽ ഉറങ്ങിക്കിടന്നിരുന്ന പല സർഗാത്മകകഴിവുകളും കണ്ടെത്തുന്നതിന് തീർച്ചയായും കഴി ഞ്ഞിട്ടുണ്ട് . നന്മയുടെ വെളിച്ചം നാടെങ്ങും പരത്താൻ പ്രകാശം പരത്തുന്ന കുട്ടികളായി മാറാനുള്ള പ്രചോദനം ലഭിക്കാൻ ഈ ഡിജിറ്റൽ മാഗസിനുവേണ്ടിയുള്ള അധ്വാനം നിങ്ങൾക്കു സഹായകമാകും . വിവിധങ്ങളായ കലാസൃഷ്ടികൾ കൂട്ടുകാരിൽ നിന്നും ശേഖരിച്ച് വളരെ മനോഹരമായി ഇതിനുരൂപം നൽകിയ ഇതിൻെറ അണിയറശില്പികളായ പ്രിയപ്പെട്ട കുട്ടികൾക്ക് അഭിനന്ദനങ്ങളും ആശംസകളും ........

ഹെഡ്മിസ്ട്രസ്
സി. ധന്യ തെരേസ് .

# വിദ്യാലയം പിന്നിട്ട നാൾവഴികളിലൂടെ .

130 വർഷങ്ങൾ പിന്നിടുന്ന ഈ വിദ്യാലയമുത്തശ്ശി വിദ്യാലയം വീടുകളിലേക്ക് എന്ന ആശയം ഉൾക്കൊണ്ട് മുന്നേറുകയാണ് . തലമുറകളുടെ സംഗമവേദിയായി തീരുന്ന ജൂബിലിയാഘോഷം സ്പന്ദനം 2024 എന്ന പേരിൽ നാല് മേഖലകളിലായി അണിഞ്ഞൊരുങ്ങി . അറിവിന്റെ പൊൻവിളക്ക് തെളിച്ചുകൊണ്ട് ...........

നൂറ്റാണ്ടുകളുടെ പാരമ്പര്യവും പ്രൗഢമായ ചരിത്രവും പേറുന്ന ചങ്ങനാശ്ശേരി..... മദ്ധ്യതിരുവിതാംകൂറിലെ ആദ്യത്തെ പെൺപള്ളിക്കൂടം - സെന്റ് ജോസഫ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ .1894 ൽ അഭിവന്ദ്യ ചാൾസ് ലവീഞ്ഞ് പിതാവ് സ്ഥാപിച്ച ഈ മഹാവിദ്യലയത്തിന്റെ ആദ്യത്തെ മാനേജർ മോൺ. സിറിയക്ക് കണ്ടങ്കരി അച്ചനേയും ആദ്യ ഹെഡ്മിസ്ട്രസ് സിസ്റ്റർ ബ്രിജിത്ത് സി.എം.സി. യേയും നന്ദിയോടെ അനുസ്മരിക്കുന്നു . 1917-ൽ ഇംഗ്ലീഷ് ഹൈസ്കൂളായി . അതേ വർഷം കെ. സി. എസ് . എൽ. ആദ്യ വനിതാശാഖ ഇവിടെ ആരംഭിച്ചു. 2000 ൽ ഹയർ സെക്കണ്ടറി ആയി മാറി .

# കനൽ

നീ കനലാകുവിൻ
നിന്നെ അവഗണിച്ചവർക്ക് മുൻപിൽ കനലായ് ആളികത്തുവിൻ.
നിന്നെ ചുട്ടെരിച്ചവർക്ക് പ്രതികാരമാം വിധം ഉജ്ജ്വലിക്കുവിൻ.
നിന്നെ തട്ടിമാറ്റിയ സമൂഹത്തിനെ
ഉടച്ചുകളഞ്ഞ നിൻെറ സ്വപ്നങ്ങളെ,
ഊതികെടുത്തിയ ബന്ധങ്ങളെ,
നഷ്ടപ്പെട്ട വിദ്യാഭ്യാസത്തെ,
പൊട്ടിത്തെറിച്ചുപോയ ആത്മവിശ്വാസത്തെ,
തിരികെ പിടിക്കുവിൻ.
നീ തീയാണ്,
നീ അണയാത്ത കനലാണ്
നീനാളയുടെ ഉയർച്ചയുടെ പ്രതീകമാണ്.

ആര്യ.കെ.ആർ

സ്വപനങ്ങൾ .......

- ഇർഫാന ഷമീർ

ഒരു സ്വപ്നം
ജനിക്കുന്നത് ....
ഒരായിരം സ്വപ്നങ്ങൾ
വീഴുമ്പോഴാണ് ,.......

എങ്കിലും
ആ ഒരു സ്വപ്നവുമായി
വീണ്ടും പറക്കും ......
വീണുപോകാനില്ല
ഞാനെന്ന സ്വപ്നമദ്യം
കണ്ടതിനാൽ ....

